പ്രവചന പ്രദീപിക പ്രസിദ്ധീകരണം 15

# പ്രവചന കോൺഫറൻസ്

# 1978

## പ്രബന്ധങ്ങൾ

സഭയുടെ ഉൽപ്രാപണം
സഭയും മഹോപദ്രവകാലവും
അന്തിക്രിസ്തു
കർത്താവിന്റെ മഹത്വപ്രത്യക്ഷത
ലോകരാഷ്ട്രങ്ങളുടെ ഭാവി
ന്യായവിധികൾ
സഹസ്രാബ്ദവാഴ്ച
പ്രവചനവും ചരിത്രവും
പ്രവചനവും പുരാവസ്തുഗവേഷണവും
യുഗപഠനചരിത്രം

1979

# പ്രസ്താവന

ബൈബിളിലെ പുസ്തകങ്ങളിൽ പതിനെട്ട് എണ്ണം പ്രവചനപുസ്തകങ്ങൾ തന്നെയാണ്. സങ്കീർത്തനപുസ്തകങ്ങളിലും നല്ല ഒരു ഭാഗം പ്രവചനങ്ങളാണ്. എങ്കിലും ക്രിസ്ത്യാനികളും വിശ്വാസികളും ക്രിസ്തീയനേതാക്കന്മാരും വേദവിദ്യാർത്ഥികൾപോലും പ്രവചനങ്ങളെ കാര്യമായി വായിക്കുകയോ ചിന്തിക്കുകയോ പഠിക്കുകയോ ചെയ്യാറില്ല. ഞാൻ രക്ഷിക്കപ്പെട്ട ആരംഭത്തിൽതന്നെ കർത്താവിന്റെ വരവിനെക്കുറിച്ചുള്ള പ്രസംഗങ്ങൾ കേൾക്കുകയുണ്ടായി. താമസിയാതെ സഹസ്രാബ്ദവാഴ്ചയെക്കുറിച്ചു കേട്ടിട്ട് വളരെ അത്ഭുതം ഉണ്ടായി. മാനസികമായി വളരെ ചലനവും ഉണ്ടായി. പ്രവചനങ്ങൾ പഠിക്കുവാൻ തുടങ്ങി അങ്ങനെ മുമ്പോട്ടു വരികയും പിന്നത്തേതിൽ ആ വിഷയങ്ങൾ പ്രസംഗിച്ചുവരികയും ചെയ്തു.

1961—ൽ ദേശമാകെ ഒരു ചലനം ഉണ്ടായി. 1962—ലെ അഷ്ടഗ്രഹയോഗംകൊണ്ടു ലോകം നശിക്കും എന്നതായിരുന്നു പ്രചാരണം. അപ്പോഴാണു പ്രവചനപരമായ ഒരു പ്രസിദ്ധീകരണം വേണമെന്നുള്ള നിർബന്ധം ഉണ്ടായതു്. ആ നിർബന്ധം 1964 ജനുവരിയിൽ നടപടിയിലായി ഇപ്പോൾ അതു് 15 കൊല്ലങ്ങളിലായി 15 വാല്യങ്ങൾ ഇറങ്ങിക്കഴിഞ്ഞു. പ്രവചനങ്ങൾ പഠിക്കുന്നവർ ഒരുമിച്ചുകൂടി അതു കൈകാര്യം ചെയ്യുകയും നേരിൽ വിഷയങ്ങൾ കേൾക്കുകയും ചെയ്യുന്നതു നല്ലതാണ്. ഈ ആവശ്യത്തെ മുൻനിറുത്തി കല്ലിശ്ശേരിയിലും കോട്ടയത്തും ഓരോ കോൺഫറൻസു നടത്തുകയുണ്ടായി. അവകൊണ്ട് അല്പം ചില പ്രയോജനങ്ങൾ ഉണ്ടായി എന്നുപറയാം.

വീണ്ടും ഒരു കൂടിവരവുണ്ടാകുവാൻ ആലോചനകൾ വന്നുകൊണ്ടിരുന്നതാണ്. 1978 മേയ് 19,20 തീയതികളിൽ പ്രവചനപ്രദീപിക പത്രാധിപസമിതി കൂടിവന്നു് പ്രവചനവിഷയങ്ങളുടെ ചിലവിശദാംശങ്ങൾ ചർച്ചചെയ്യുകയുണ്ടായി. ഒരു കോൺഫറൻസു വിളിച്ചുകൂട്ടുവാൻ അപ്പോൾ തീരുമാനം എടുക്കുകയും അതിന്റെ ഫലമായി 1978 ഡിസംബർ മാസം 10-ാംനു ഞായർ രാത്രി മുതൽ 12-ാംനു

ളിൽ കൂടിവരികയുമുണ്ടായി. മൂന്നു രാത്രികളിലും പൊതുയോഗമായി നടന്നു. തിങ്കൾ,ചൊവ്വാ തീയതികളിൽ പകൽ പ്രമേയങ്ങൾ അവതരിപ്പിച്ചു. ഒരു വിഷയം രാത്രിയിലും അവതരിപ്പിക്കേണ്ടി വന്നു.

സ്കൂൾകുട്ടികളുടെ പരീക്ഷാസമയമായിരുന്നു. ആണ്ടറുതിയായതിനാൽ ഉദ്യോഗസ്ഥന്മാർക്കു് അവധികൾ തീർന്നിരിക്കുകയുമായിരുന്നു. തന്നിമിത്തം പലർക്കു കൂടിവരുവാൻ സാധിച്ചില്ലെങ്കിലും ക്യാമ്പിൽ മുപ്പതോളം പേർ താമസിച്ചിരുന്നു. പുറത്തു താമസിച്ചുകൊണ്ടു പലർ സംബന്ധിക്കുന്നുണ്ടായിരുന്നു. രാത്രി നല്ല കൂടിവരവുമുണ്ടായിരുന്നു. അങ്ങനെ ഈ കോൺഫറൻസു് ഒരളവിൽ വിജയകരമായിരുന്നു.

കോൺഫറൻസിൽ വന്നുചേരുവാൻ സൗകര്യമില്ലാത്തവരും താല്പര്യമുള്ളവരുമായ ചിലർ, കോൺഫറൻസിൽ അവതരിപ്പിക്കുന്ന വിഷയങ്ങൾ പുസ്തകരൂപത്തിൽ ഇറക്കണമെന്നു് ആവശ്യപ്പെട്ടു് എഴുതിയിരുന്നു. ഞങ്ങളും അങ്ങനെ തീരുമാനം എടുത്തിരുന്നു. കോൺഫറൻസിൽതന്നെ പുസ്തകമാക്കിക്കൊണ്ടുവരണമെന്നു വിചാരിച്ചെങ്കിലും എല്ലാം തയ്യാറായി വരാത്തതിനാൽ സാധിച്ചില്ല. എങ്കിലും ഇപ്പോൾ അതു നിറവേററുവാൻ സാധിച്ചതിൽ കൃതാർത്ഥതയുണ്ടു്.

പ്രവചനങ്ങളുടെ വിശദാംശങ്ങൾ ഒരുമിച്ചിരുന്നു ചർച്ചചെയ്യുവാൻ തക്കവണ്ണമുള്ള പ്രവചനപാഠം പഠിതാക്കളിൽ പുരോഗമിക്കാത്തതിനാൽ ചർച്ചയ്ക്കു് അധികസമയം എടുത്തില്ല. അവതരണത്തിനു കൂടുതൽ സമയം ആവശ്യമായുമിരുന്നു. ഇത്രയും വിഷയങ്ങൾ പുസ്തകരൂപത്തിൽവന്നതിനാൽ ഇത്രയും പഠിക്കുവാൻ പലർക്കു് ഇടയാകും. ഇനി ഒരു കോൺഫറൻസു നടന്നാൽ ഇതു് അതിലേയ്ക്കു് ഒരു പ്രവേശികയായി ഭവിക്കുകയും ചെയ്യും എന്നുള്ള ആശയോടുകൂടെ ഇതുപ്രസിദ്ധീകരിക്കുന്നു.

പ്രബന്ധങ്ങളിൽ ചിലതിൽ അഭിപ്രായവ്യത്യാസങ്ങൾ ഉള്ളവ ചിലതിൽ അവിടവിടെതന്നെ കുറിച്ചിട്ടുണ്ടു്. മററുള്ളവ മുഖവുരയിൽ ചേർത്തിട്ടുണ്ടു്.

എന്നു്

ആറാമട, പത്രാധിപസമിതിക്കുവേണ്ടി,
29—12—1978. വൈ. എസക്കിയേൽ.

# മുഖവുര

ബൈബിളിൽ അഞ്ചിൽ ഒരുഭാഗത്തോളം വരുന്ന പ്രവചനവിഷയങ്ങളെ ക്രോഡീകരിച്ചു് ഒരു കോൺഫറൻസിൽ അവതരിപ്പിക്കുന്നതു പ്രയാസമാണ്. എങ്കിലും അവയിൽ പത്തുവിഷയങ്ങളെ അവതരിപ്പിക്കുവാൻസാധിച്ചു. അവയെ ഇനി നടക്കേണ്ടുന്ന കാലക്രമത്തിൽ, ആദ്യത്തെവിഷയങ്ങൾ ക്രമീകരിച്ചിരിക്കുന്നു.

## 1. സഭയുടെ ഉൽപ്രാപണം

അവയിൽ ഒന്നാമത്തേതു് സഭയുടെ ഉൽപ്രാപണം എന്നതാണ്. നാം പ്രതീക്ഷിക്കുന്ന ആദ്യസംഭവം അതാണല്ലോ. അതിന്റെ അവതാരകൻ ശ്രീ. K. M. മത്തായി M. A. (സുവിശേഷകൻ, ഭോപ്പാൽ) ആണ്. താൻ "ഇൻഡ്യൻ റെറസ്റ്റിമണി" എന്ന മാസികയുടെ എഡിററർ ആണ്. പ്രവചനവിഷയങ്ങൾ താൻ പഠിക്കുകയും കൈകാര്യംചെയ്യുകയും ചെയ്തുവരുന്നു. ഈ കോൺഫറൻസിനെക്കുറിച്ചു് അറിഞ്ഞയുടൻ താൻ ഈ വിഷയം എഴുതാം എന്നു് അറിയിക്കുകയും അതു തയ്യാറാക്കുകയും സ്ഥലത്തുവന്നു് അതു് അവതരിപ്പിക്കുകയും ചെയ്തതിലുള്ള നന്ദി രേഖപ്പെടുത്തുന്നു. അതിൽ അഭിപ്രായവ്യത്യാസം ഉള്ളവയോ കൂട്ടിചേർക്കേണ്ടവയോ ഉള്ളവയായിത്തോന്നിയവയ്ക്കു് അവിടവിടെ കുറിപ്പുകൾ ചേർത്തിട്ടുള്ളതിനാൽ ഇവിടെ ഒന്നും ചേർക്കുന്നില്ല.

## 2. സഭയും മഹോപദ്രവകാലവും

ഈ വിഷയം ശ്രീ. O. M. Samuel, B. A., M. Div. അവതരിപ്പിച്ചതാണ്. താൻ പ്രവചനപ്രദീപിക പത്രാധിപസമിതി അംഗമാകയാൽ പരിചയിപ്പിക്കേണ്ടുന്ന ആവശ്യം ഇല്ല. പ്രവചനവിഷയങ്ങൾ പ്രത്യേകം പഠിക്കുകയും കൈകാര്യംചെയ്യുകയുംചെയ്തുവരുന്നു. താൻ വളരെ ചുരുക്കത്തിൽ ആവശ്യം വേണ്ടുന്ന എല്ലാ വിഷയങ്ങളും ഉൾക്കൊള്ളിച്ചു് എഴുതിയിരിക്കുന്നു.

വിശദീകരണം 'ന്യായവിധികൾ' എന്ന പ്രബന്ധത്തിൽ "തേജ സ്സിന്റെ സിംഹാസനം" എന്ന ഭാഗത്തു വിശദീകരിച്ചിരിക്കുന്നു.

iv. വെളി. 1:7:—"ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും അവനെ കുത്തിതുളച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങളൊക്കെയും അവനെച്ചൊല്ലി വിലപിക്കും. ഉവ്വു്; ആമേൻ", ഇവയുംകൂടെ ചേർത്തുപഠിക്കുക.

## 5. ലോകരാഷ്ട്രങ്ങളുടെ ഭാവി

ഇതിന്റെ അവതാരകൻ പത്രാധിപസമിതി അംഗമായതിനാൽ കൂടുതൽ പരിചയിപ്പിക്കുന്നില്ല. ആധുനികരാഷ്ട്രീയഗതികളെ തിരുവെഴുത്തിലെ പ്രവചനങ്ങളുമായി വിശദീകരിച്ചു സുവിശേഷം അറിയിച്ചുവരുന്ന ദേഹമാണു്.

ഈ വിഷയവും വളരെ വലുതാണു്. വളരെ ചുരുക്കി അവതരിപ്പിച്ചിരിക്കുകയാണു്. മാത്രമല്ല, യെഹെ. 38, 39 അദ്ധ്യായങ്ങളിൽ അന്ത്യകാലത്തു നടക്കുന്ന രണ്ടു യുദ്ധങ്ങളെക്കുറിച്ചു ചേർത്തു പ്രവചിച്ചിരിക്കുകയാണു്. ഒന്നു ഗോഗ്മാഗോഗ് യുദ്ധവും മററതു് ഹർമ്മഗെദ്ദോൻ യുദ്ധവുമാണു്. ഗോഗ്ഗ് മാഗോഗ്ഗ് യുദ്ധത്തിലെ കക്ഷികൾ: ഒരുവശത്തു് യിസ്രായേലും മററുചില രാഷ്ട്രങ്ങളും ഉണ്ടായിരിക്കും. യെഹെ. 38:13. മറുവശത്തു് പ്രബന്ധത്തിൽ കാണിച്ചിരിക്കുന്ന രാഷ്ട്രങ്ങൾ ഉണ്ടായിരിക്കും. അവ റഷ്യയോടു് ചേർന്നു് യിസ്രായേലിന്നു് എതിരായിവരും.

രണ്ടാമത്തെ യുദ്ധം ഹർമ്മഗെദ്ദോൻ യുദ്ധമായിരിക്കും. അതിന്റെ കക്ഷികൾ:— ഒരുവശത്തു് യിസ്രായേൽമാത്രമായിരിക്കും. യെശ. 63:3—ൽ കാണുന്നവിധം കർത്താവു സഹായത്തിന്നായി ഇറങ്ങും. ജാതികളിൽ ആരും സഹായിക്കുകയില്ല. വെളി. 16:14-ൽ സർവ്വഭൂതലത്തിലുമുള്ള രാജാക്കന്മാരെ കൂട്ടമെന്നതും അതിനോടു യോജിക്കുന്നു. മറുവശത്തു് അന്തിക്രിസ്തുവും സർവ്വലോകരാഷ്ട്രങ്ങളും ആയിരിക്കും. ആകയാൽ ഒടുവിൽ സകലരാഷ്ട്രങ്ങളും കർത്താവിന്റെ തീഷ്ണതാഗ്നിക്കു് ഇരയായി നശിക്കും.

## 6. ന്യായവിധികൾ

സാമാന്യമായ വിശദീകരണവും മൂന്നു ന്യായവിചാരണയുടെ കൂടുതൽ വിശദീകരണവും അവയുടെ താരതമ്യവും ചേർന്നിട്ടുള്ളതി

നാൽ ഇവിടെ ഒന്നും പറയുന്നില്ല. പട്ടികയായി ചേർത്തിട്ടുള്ള 20-ാം പുറം സൂക്ഷിച്ച് മനസ്സിലാക്കുക. അതു മതിയാകും.

## 7. സഹസ്രാബ്ദവാഴ്ച

അതും വലിയ വിഷയമാണ്. എങ്കിലും ഈ വിധ ഒരു കോൺഫറൻസിന് ആവശ്യമായവ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതു നിമിത്തം ഒരു ധാരണ ഉണ്ടാകുവാൻ മതിയാകും എന്നതിനാൽ വിശദീകരിക്കുന്നില്ല.

## 8. പ്രവചനവും ചരിത്രവും

അവതാരകൻ പത്രാധിപസമിതി അംഗമായതിനാൽ കൂടുതൽ പരിചയിപ്പിക്കുന്നില്ല. "വസ്തുതകളെ നേരിടുക" തുടങ്ങിയുള്ള പല ഗ്രന്ഥങ്ങളുടെ രചയിതാവായ ശ്രീ. കെ. എ. ഫിലിപ്പ് B. A., B. Ed. ആണ്. പ്രവചനം ചരിത്രമായിത്തീർന്ന അനേകം കാര്യങ്ങൾ എടുത്തു കാണിക്കുവാൻ സാധിക്കും. ദൃഷ്ടാന്തത്തിനായി ചിലതു കാണിച്ചുവെന്നേയുള്ളു. അതുമതിയാകും എന്നു വിചാരിക്കുന്നു.

## 9. ചരിത്രവും പുരാവസ്തുഗവേഷണവും

ഇതു് രണ്ടുപേരാൽ അവതരിപ്പിക്കപ്പെട്ടു. ശ്രീ J. C. ദേവ് പത്രാധിപസമിതി അംഗമാണ്. 'യുക്തിയും വിശ്വാസവും' മാസികയുടെ എഡിറ്ററുമാണ്. ശ്രീ. കെ. വി. ജോർജ്ജ് M.A., M.Th. ഈ വിഷയത്തിൽ പ്രത്യേകപഠനം ലഭിച്ചിട്ടുള്ള ദേഹമാണ്. 'ബൈബിളും പുരാവസ്തുശാസ്ത്രവും' എന്നു വിലപ്പെട്ട ഗ്രന്ഥത്തിന്റെ രചയിതാവുമാണ്.

## 10. യുഗപഠനചരിത്രം

ഇതു് അവതരിപ്പിച്ചിരിക്കുന്നതു് 'പ്രവചനപ്രദീപിക'യിൽ ആദ്യംമുതൽ യിസ്രായേൽവാർത്തകൾ തന്നുകൊണ്ടിരിക്കുന്ന T. K. K. എന്ന പേരിൽ അറിയപ്പെടുന്ന ശ്രീ. റ്റി.കെ. കരുവിള എന്ന ദേഹമാണ്. യുഗവിഭജനം ചെയ്തുള്ള പഠനം സമീപകാലത്തുള്ളതാണെന്ന് ആക്ഷേപിക്കുന്നവർക്കു മതിയായ തിരിച്ചടി നൽകിയിരിക്കുകയാണ്.

ഈ പ്രബന്ധങ്ങൾ അനുവാചകർക്കു വിശ്വാസം ഉറയ്ക്കുവാനും പ്രത്യാശ വർദ്ധിപ്പിക്കുവാനും ഉപകരിക്കും എന്നുള്ള പ്രത്യാശയോടുകൂടെ ഇതു പ്രസിദ്ധീകരിച്ചുകൊള്ളുന്നു.

എന്നു്,

വൈ. എസക്കിയേൽ.

ആറാമട,
2—1—1979.